"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് പുലാപ്പറ്റ സെൻട്രൽ യു.പി. സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. സി. ഗീത ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 30294/2021-ൽ 05/06/2024 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2847/2026/GEDN** തീയതി,തിരുവനന്തപുരം, 24-04-2026

---

പരാമർശം:-

1. പാലക്കാട് പുലാപ്പറ്റ സെൻട്രൽ യു.പി. സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. സി. ഗീത സർക്കാർ മുൻപാകെ സമർപ്പിച്ച 29/01/2021 തീയതി റിവിഷൻ ഹർജി (എക്സി. പി4).
2. WP(C) No. 30294/2021-ലെ ബഹു. കേരള ഹൈക്കോടതിയുടെ 05/06/2024 തീയതിയിലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/01/2025 തീയതിയിലെ ആർ7/1197/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, പുലാപ്പറ്റ സെൻട്രൽ യു.പി. സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. സി. ഗീത ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 30294/2021-ലെ പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച പരാമർശം (1) നിവേദനം (എക്സിബിറ്റ് പി4) ഹർജിക്കാരിയെ കേട്ട് തീർപ്പാക്കുവാൻ ഒന്നാം എതിർകക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 23/01/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയുടെ വാദങ്ങൾ താഴെ ചുവടെച്ചേർക്കുന്നു.**

ഹർജിക്കാരി പാലക്കാട് ജില്ല, ചെറുപ്പളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പരിധിയിലുള്ള പുലാപ്പറ്റ സെൻട്രൽ യു.പി.സ്കൂളിൽ 04.06.1990 മുതൽ റഗുലർ നിയമനം ലഭിച്ച് തസ്തികയിൽ ജോലി ചെയ്തു വരുന്നു. 01.07.2004ൽ ആകെ 14 വർഷം 9 മാസം 27 ദിവസം ഉള്ളതിൽ ദീർഘകാല അവധി 3 വർഷം 3 മാസം 3 ദിവസം ഒഴിവാക്കി ബാക്കി 10 വർഷം 9 മാസം 23 ദിവസം Approved സർവ്വീസ് ഉണ്ടായിരുന്നു. 01.07.2004 പ്രാബല്യത്തിൽ G.O.(P)145/2006/Fin dt.25.03.2006 പ്രകാരം നടപ്പിലായ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് 01.07.2004 പ്രാബല്യത്തിൽ സമർപ്പിച്ച option പ്രകാരം ഞാൻ വാങ്ങി വന്നിരുന്ന 4600 എന്ന ശമ്പളത്തോടൊപ്പം 59% ക്ഷാമബത്ത (3714) രൂപയും ഫിറ്റ്മെന്റ് ബെനിഫിറ്റ് 6% മിനിമം 350 രൂപയും ചേർന്ന് ആകെ തുക 7664 എന്നത് പ്രസ്തുത ഉത്തരവിലെ അനക്സർ 2, പാര 4(2) പ്രകാരം യു.പി.എസ്.എ ഹയർ ഗ്രേഡിന് അനുവദിക്കേണ്ട 7990-200-9590-240-10790-280-

11910-340-12930 എന്ന സ്കെയിലിന്റെ മിനിമം തുകയായ 7990 ൽ നിശ്ചയിച്ച ശേഷം, 10 വർഷ സർവ്വീസിന് ആനുപാതികമായി 2 ഇൻക്രിമെന്റുകൾ (200+200) നൽകി ശമ്പളം 8390 രൂപയിൽ നിശ്ചയിക്കേണ്ടതായിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച 7664 രൂപ എന്ന തുകയുടെ അടുത്ത stage ആയ 7820 രൂപയിൽ നിശ്ചയിച്ച ശേഷം സർവ്വീസ് വെയിറ്റേജ് ആയി 2 ഇൻക്രിമെന്റ് കൂടി ചേർത്ത് 8190 (7820+170+200) രൂപയായി മാത്രം നിശ്ചയിച്ചു. ഇത് ശമ്പള നിർണ്ണയം ചെയ്ത അധികൃതരിൽ വന്ന പിശക് മാത്രമാണ്. ജീവനക്കാരി എന്ന നിലയിൽ നിശ്ചിത തീയതിക്കകം ഓപ്ഷൻ സമർപ്പിക്കുക എന്നതൊഴികെ ശമ്പള നിർണ്ണയത്തിൽ ഇടപെടുവാൻ കഴിയുകയില്ല.

ശമ്പള പരിഷ്കരണങ്ങൾക്കോ, സമയ ബന്ധിത ഗ്രേഡുകൾക്കോ ഞാൻ പുതുതായി ഓപ്ഷൻ ഒന്നും നൽകിയിട്ടില്ല. ആയത് അനുവദനീയവുമല്ല എന്ന് ബോദ്ധ്യമുണ്ട്. ശമ്പള പരിഷ്കരണ നിർണ്ണയത്തിൽ വകുപ്പിന് വന്ന മേൽ പിശക് തിരുത്തി ശമ്പളം ക്രമീകരിച്ചു നൽകുന്നതിന് മാത്രമാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരാതി നൽകുന്നത് കാലഹരണപ്പെട്ടു എന്നത് ശരിയല്ല. പുതുതായി Re option അപേക്ഷിച്ചിട്ടില്ല. വിവിധ ശമ്പള നിർണ്ണയങ്ങളിൽ വന്ന അധിക തുക തിരിച്ചടക്കുന്നതിന് എത്ര കാലം കഴിഞ്ഞാലും ബാദ്ധ്യത ഉണ്ടാവുകയും ആയതനുസരിച്ച് തിരിച്ചടപ്പിക്കുകയും ചെയ്യുന്ന അതേ തത്വമനുസരിച്ചു തന്നെ, ശമ്പള നിർണ്ണയത്തിൽ വകുപ്പിന് വന്ന ഒരു പിശകും കുറവും തിരുത്തി, ശമ്പളം യഥാവിധി ക്രമീകരിക്കുന്നതിന് വകുപ്പിനു എപ്പോഴും അധികാരമുണ്ടെന്ന് മനസ്സിലാക്കുന്നു. ആയതിനും മാത്രമാണ് അപേക്ഷിച്ചത്.

ഈ സാഹചര്യത്തിൽ 2004ലെ ശമ്പള പരിഷ്കരണമനുസരിച്ച് 7990-12930 എന്ന യു.പി.എസ്.എ ഹയർ ഗ്രേഡ് ശമ്പള സ്കെയിലിൽ 8390 രൂപയായി നിശ്ചയിച്ചും ആയതിനുസരിച്ച് തുടർന്നു വന്ന ശമ്പള പരിഷ്കരണങ്ങളിലും ഗ്രേഡിലും തത്തുല്യമായി അനുവദനീയ ശമ്പളം അനുവദിച്ച് ക്രമീകരിക്കുന്നതിനും അപേക്ഷിക്കുന്നു.

### 3. സ്കൂൾ ഹെഡ്മാസ്റ്ററുടെ വാദഗതികൾ ചുവടെ ചേർക്കുന്നു

ശ്രീമതി.സി.ഗീത, 01.07.2004-ൽ വഹിച്ചിരുന്ന യു.പി.എസ്.എ (ഹയർ ഗ്രേഡ്) തസ്തികയുടെ പുതുക്കിയ ശമ്പളസ്കെയിലിൽ, (7990-200-9590-240-10790-280-11910-340-12930) ഓപ്ഷൻ തീയതി 01.07.2004 പ്രാബല്യത്തിൽ താഴെ പറയുന്ന വിധമാണ് ശമ്പളം പുതുക്കേണ്ടിയിരുന്നത്.

| | |
|---|---|
| 01.07.2004-ൽ നിലവിൽ 4500-7000 ശമ്പള സ്കെയിലിലെ ശമ്പളം | 4600 |
| ക്ഷാമബത്ത 59% ലയിപ്പിച്ചത് | 2714 |
| ഫിറ്റ്മെന്റ് ബെനിഫിറ്റ് 6% (മിനിമം 350) | 350 |
| **ആകെ** | 7664 |

പുതുക്കിയ ശമ്പള സ്കെയിൽ 7990-12930-ൽ അടുത്ത സ്റ്റേജ്:**7990 (മിനിമം)**

25.03.2006 തീയതിയിലെ ജി.ഒ (പി) 145/2006 ഫിൻ സർക്കാർ ഉത്തരവ് അനക്സർ-2 ശമ്പള നിർണ്ണയ മാർഗ്ഗ നിർദ്ദേശങ്ങൾ 4(2) അനുസരിച്ച് മുകളിൽ കാണിച്ച തുക 7664, പുതുക്കിയ ശമ്പള സ്കെയിലിന്റെ മിനിമം 7990 യിൽ കുറവാകയാൽ മിനിമം 7990-ൽ നിശ്ചയിച്ച ശേഷം ആകെ 11 വർഷം 21 ദിവസത്തെ സർവ്വീസിന് അർഹമായ 2 ഇൻക്രിമെന്റ് (200X2) 400 രൂപ സർവ്വീസ് ബെനിഫിറ്റ് കൂടി ചേർത്ത് ശമ്പളം 8390 രൂപയിൽ നിശ്ചയിക്കേണ്ടതിനു പകരം, മേൽ പ്രസ്താവിച്ച 7664 രൂപയെ (4600+2714+350), മാസ്റ്റർ സ്കെയിലിലെ അടുത്ത സ്റ്റേജ് ആയ 7820-ൽ മാത്രം നിശ്ചയിച്ച്, അർഹമായ 2 ഇൻക്രിമെന്റ് സർവ്വീസ് വെയ്റ്റേജ് (170+200=370) കൂട്ടി ചേർത്ത് ആകെ 8190 രൂപയിൽ നിശ്ചയിച്ചതിന്റെ ഫലമായി, ശമ്പളത്തിൽ ഒരു ഇൻക്രിമെന്റിന്റെ കുറവ് കാണുന്നു. ഈ അപാകതയിൽ വന്ന ശമ്പള കുറവ്, തുടർന്ന് ടിയാൾക്ക് 1.7.2009, 1.7.2014 തീയതികളിൽ നടപ്പാക്കിയ ശമ്പള പരിഷ്കരണങ്ങളിലും, 1.7.2009, 1.7.2015 പ്രാബല്യത്തിൽ അനുവദിക്കപ്പെട്ട 16, 22 വർഷ ഗ്രേഡ് ശമ്പള നിർണ്ണയങ്ങളിലും, ഒരു ഇൻക്രിമെന്റിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്

ഈ സാഹചര്യത്തിൽ, ശ്രീമതി. ഗീത സി. എന്നവരുടെ 01.07.2004-ലെ ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം 7990-12930 ശമ്പളത്തിൽ. യഥാർത്ഥത്തിൽ അർഹമായ 8390 രൂപയിൽ നിർണ്ണയിക്കേണ്ടതും അതനനുസരിച്ച് തുടർന്ന്, താഴെ കാണിച്ച വിധം അതാത് സന്ദർഭങ്ങളിലും തീയതികളിലും ശമ്പളം ക്രമീകരിച്ച് നൽകുന്നതിനും വേണ്ട ഉത്തരവ് പുറപ്പെടുവിക്കണമെന്നും അപേക്ഷിക്കുന്നു. ഇത്തരം മാറ്റം വരുത്തുമ്പോൾ ഗ്രേഡുകൾ, ശമ്പള പരിഷ്കരണങ്ങൾ എന്നിവയ്ക്ക് ഇതിനകം സമർപ്പിച്ച ഓപ്ഷൻ തീയതികളിൽ യാതൊരു മാറ്റത്തിനും അർഹതയോ, നൽകുകയോ ചെയ്തിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുന്നു.

| പ്രാബല്യ തീയതി | തസ്തികയും ശമ്പള സ്കെയിലും | നിലവിൽ അനുവദിച്ച ശമ്പളം | പുതുക്കി നിശ്ചയിക്കേണ്ട ശമ്പളം | റിമാർക്സ് |
|---|---|---|---|---|
| 01/07/04 | യു.പി.എസ്.എ (ഹയർ ഗ്രേഡ്) 7990-12930 | 8190 | 8390 | പുതുക്കിയ ശമ്പള നിർണ്ണയ പട്ടിക ചേർത്തിരിക്കുന്നു. |
| 01/07/05 | Do | 8390 | 8590 | വാർഷിക ഇൻക്രിമെന്റ് |
| 01/07/06 | Do | 8590 | 8790 | Do |
| 01/07/07 | Do | 8790 | 8990 | Do |
| 01/07/08 | Do | 8990 | 9190 | Do |
| 01/07/09 | Do | 9190 | 9390 | Do |
| 01/07/09 | യു.പി.എസ്.എ (സീനിയർ ഗ്രേഡ്) 8390-13270 | 9590 | 9830 | 16 വർഷ സീനിയർ ഗ്രേഡ് (ഓപ്ഷൻ 1.7.2009) |
| 01/07/09 | യു.പി.എസ്.എ (സീനിയർ ഗ്രേഡ്) 16180-29180 | 17860 | 18300 | 2009 ശമ്പള പരിഷ്കരണ (ഓപ്ഷൻ 1.7.2009) |

| | | | | |
|---|---|---|---|---|
| | (ശമ്പള പരിഷ്കരണം) | | | |
| 01/07/10 | Do | 18300 | 18740 | ഇൻക്രിമെന്റ് |
| 01/07/11 | Do | 18740 | 19240 | Do |
| 01/07/12 | Do | 19240 | 19740 | Do |
| 01/07/13 | Do | 19740 | 20240 | Do |
| 01/07/14 | Do | 20240 | 20740 | Do |
| 01/07/14 | യു.പി.എസ്.എ (സീനിയർ ഗ്രേഡ്) 30700-65400 (2014 ശമ്പള പരിഷ്കരണം) | 41500 | 42500 | 2014 ശമ്പള പരിഷ്കരണം (ഓപ്ഷൻ 01.7.2014) |
| 01/07/15 | യു.പി.എസ്.എ (സെലക്ഷൻ ഗ്രേഡ്) 32300-68700 | 44700 | 45800 | 22 വർഷ സെലക്ഷൻ ഗ്രേഡ് ഓപ്ഷൻ 1.7.2015 |
| 01/07/16 | Do | 45800 | 46900 | ഇൻക്രിമെന്റ് |
| 01/07/17 | Do | 46900 | 48000 | Do |
| 01/07/18 | Do | 48000 | 49200 | Do |
| 01/07/19 | Do | 49200 | 50400 | Do |
| 01/07/20 | Do | 50400 | 51600 | അടുത്ത ഇൻക്രിമെന്റ് |

**4. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.**

പാലക്കാട് ചെർപ്പുളശ്ശേരി, സബ് ജില്ലയ്ക്ക് കീഴിലെ പുലാപ്പറ്റ സി.യു.പി സ്കൂളിലെ യു.പി.എസ്.ടി.യായി ജോലി ചെയ്യുന്ന ശ്രീമതി. ഗീത സി. ക്ക് 4.6.1990 മുതൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരവെ 1.7.2004-ലെ ശമ്പള പരിഷ്കരണ ഉത്തരവ് GO (P) No.145/2006/Fin dated 25.3.2006 പ്രകാരം ശമ്പള പരിഷ്കരണം താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.

അടിസ്ഥാന ശമ്പളം - 4,600/-
ഡിയർനസ് അലവൻസ് (59%) — 2,714/-
ഫിറ്റ്മെന്റ് (6%) - 350
ആകെ - 7664/-

7480-170-7990-200-9590-240-10790-280-11910 ശമ്പള സ്കെയിലിൽ-7820/-
മുഴുവനാക്കിയ ഓരോ 4 വർഷത്തിനും ഓരോ ഇൻക്രിമെന്റ് അനുവദിക്കാം (പരമാവധി 4 ഇൻക്രിമെന്റ്) ആകെ സേവന കാലം 4.6.1990 മുതൽ 30.6.2004 വരെ 14 വർഷം 0 മാസം 27 ദിവസം. ശൂന്യവേതനാവധി കാലയളവ് 25.8.2000 മുതൽ 30.11.2003 വരെ 3 വർഷം 3 മാസം 6 ദിവസം. ഇൻക്രിമെന്റിന് പരിഗണിക്കുന്ന കാലയളവ് - 10 വർഷം 9 മാസം 21 ദിവസം.

25.08.2000 മുതൽ 30.11.2003 വരെ ശൂന്യവേതനാവധി ആയിരുന്നതിനാൽ 10 വർഷം

09 മാസം 21 ദിവസം സേവന കാലയളവ് കണക്കാക്കി 2 ഇൻക്രിമെന്റ് ഉൾപ്പെടെ 8190/- രൂപയിൽ നിജപ്പെടുത്തി ഫിക്സേഷൻ അനുവദിച്ച് ഉത്തരവായിരുന്നു. ആയതിനെ തുടർന്ന് ലഭ്യമായ 01/07/2009, 01/07/2014, 01/07/2019 ശമ്പള പരിഷ്കരണങ്ങൾ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ടി കാലമത്രയും ടിയാൾ പരാതി ഉന്നയിച്ചിട്ടില്ല. കൂടാതെ സീനിയറിനെക്കാൾ കൂടുതൽ ശമ്പളം ജൂനിയർ വാങ്ങുന്നുണ്ടെങ്കിൽ ആയതു ക്രമപ്പെടുത്തി നൽകുന്നതിലേക്കായുള്ള അവസരങ്ങൾ ലഭിച്ചിട്ടും അപേക്ഷയോ പരാതിയോ നൽകിയിട്ടില്ല.

ജി.ഒ. (പി) 495/90/ധന, തീയതി 6.10.1990 പ്രകാരം ശമ്പള സ്കെയിൽ, ഗ്രേഡ് മുതലായ അപാകത പരിഹരിക്കുന്നതിനുള്ള ക്ലെയിമുകൾ, ഇത്തരം ക്ലെയിമുകളുടെ തീയ്യതിക്ക് 5 വർഷത്തിനകമോ അല്ലെങ്കിൽ തുടർന്ന് വരുന്ന ശമ്പള പരിഷ്കരണ ഉത്തരവിന്റെ തീയ്യതിക്ക് 2 വർഷത്തിനകമോ ഏതാണോ ആദ്യം വരുന്നത് എന്ന സമയപരിധിക്കുള്ളിൽ അനുവദിക്കപ്പെട്ടിട്ടില്ല എങ്കിൽ സ്വയമേവ റദ്ദാകുന്നതാണെന്ന് 8.8.2008-ലെ സർക്കുലർ നം.46/2008/ധന, ഖണ്ഡിക 37-ലും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കാര്യങ്ങൾ കണക്കിലെടുത്ത് ശമ്പള പരിഷ്കരണ അപാകത പരിഹരിക്കുന്നതിനുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർ 3.12.2020-ലെ ഡി1/14479/2020 പ്രകാരം തിരിച്ച് നൽകിയിട്ടുള്ളതായി ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദം, വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട്, നിലവിലെ കെ.ഇ.ആർ. ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാലക്കാട്, പുലാപ്പറ്റ സെൻട്രൽ യു.പി സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി.ഗീത സി 4.6.1990 മുതൽ ടി തസ്തികയിൽ ജോലിചെയ്തു വരവേ 01/07/2004-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അടിസ്ഥാന ശമ്പളം 4,600/- രൂപയിൽ നിജപ്പെടുത്തി ഉത്തരവായിരുന്നു. 25/08/2000 മുതൽ 30/11/2003 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ 10 വർഷം 9 മാസം 21 ദിവസം സേവന കാലയളവ് കണക്കാക്കി 2 ഇൻക്രിമെന്റ് ഉൾപ്പെടെ 8190/- രൂപയിൽ നിജപ്പെടുത്തി ഉത്തരവായി. തുടർന്ന് 1.7.2009, 1.7.2014, 1.7.2019 ശമ്പള പരിഷ്കരണങ്ങൾ അനുവദിച്ച് നൽകുകയുണ്ടായി. എന്നാൽ ഇക്കാലമത്രയും ടിയാൾ പരാതി ഉന്നയിക്കുകയോ സീനിയറിനെക്കാൾ കൂടുതൽ ശമ്പളം ജൂനിയർ വാങ്ങുന്നുണ്ടെങ്കിൽ ആയത് ക്രമപ്പെടുത്തി നൽകുന്നതിന് അപേക്ഷയോ നൽകിയിട്ടില്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. GO (P) 495/1990/ധന തീയതി 6.10.1990 പ്രകാരം ശമ്പള സ്കെയിൽ, ഗ്രേഡ് മുതലായ അപാകതകൾ പരിഹരിക്കുന്നതിനുള്ള ക്ലെയിമുകൾ ഇത്തരം ക്ലെയിമുകളുടെ തീയതിക്ക് 5 വർഷത്തിനകമോ, അല്ലെങ്കിൽ തുടർന്നു വരുന്ന ശമ്പള പരിഷ്കരണ ഉത്തരവ് തീയതിക്ക് 2 വർഷത്തിനകമോ ഏതാണോ ആദ്യം വരുന്നത് എന്ന സമയപരിധിക്കുള്ളിൽ അനുവദിക്കപ്പെട്ടിട്ടില്ല എങ്കിൽ സ്വയമേവ റദ്ദാകുന്നതാണെന്ന് GO (P) 46/2008/ധന തീയതി 8.8.2008 സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഹർജിക്കാരിയുടെ ശമ്പള പരിഷ്കരണ അപാകത പരിഹരിക്കുന്നതിനുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർ 3.12.2020-ൽ തിരിച്ചു നൽകിയിട്ടുള്ളതായി പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

GO (P) 145/2006/ധന തീയതി 25.3.2006 പ്രകാരം നടപ്പിലായ ശമ്പള പരിഷ്കരണ

ഉത്തരവ് അനുസരിച്ച് 1.7.2004 പ്രാബല്യത്തിൽ സമർപ്പിച്ച ഓപ്ഷൻ പ്രകാരം 8390/- രൂപയായി നിശ്ചയിക്കേണ്ടതായിരുന്നുവെന്നും, എന്നാൽ 8190/- രൂപയായി മാത്രം നിശ്ചയിച്ചത് അധികൃതരിൽ വന്ന പിശകാണെന്നും, ശമ്പള പരിഷ്കരണ നിർണ്ണയത്തിൽ വകുപ്പിന് വന്ന പിശക് തിരുത്തി ശമ്പളം ക്രമീകരിച്ച് നൽകുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ഹർജിക്കാരി ബോധിപ്പിക്കുന്നു.

01.07.2004 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന എട്ടാം ശമ്പളപരിഷ്കരണത്തിന്റെ ശമ്പളനിർണ്ണയ സ്റ്റേറ്റ്മെന്റ് (ശ്രീമതി. സി. ഗീതയുടെ സേവനപുസ്തകത്തിലെ പേജ് 34) പരിശോധിച്ചതിൽ നിന്നും Existing Scale of Pay : 4500-7000, Revised Scale of Pay : 7990-12930 എന്ന് തെറ്റായി ആണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. എട്ടാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 4500-100-5000-125-7000 എന്ന ശമ്പളസ്കെയിലിന്റെ ആനുപാതിക ശമ്പളസ്കെയിൽ 7480-170-7990-200-9590-240-10790-280-11910 എന്നതാണ്. അതിനു പകരം 4600-100-5000-125-7125 എന്ന ശമ്പളസ്കെയിലിന്റെ ആനുപാതിക ശമ്പളസ്കെയിലായ 7990-200-9590-240-10790-280-11910-340-12930 എന്ന് തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ ശമ്പളനിർണ്ണയത്തിലെ ഇതര കണക്കുകൂട്ടലുകളിലൊന്നും അപാകതകൾ കാണുന്നില്ല. Basic Pay + 59% of DA + Fitment Benefit (4600+2714+350) എന്നിവ കണക്കു കൂട്ടി 7664/- രൂപ ലഭിച്ചതിൽ, അടുത്ത സ്റ്റേജായ 7820/- നോട് കൂടി ആകെ സർവ്വീസ് വെയിറ്റേജിന് (ഓരോ നാലു വർഷത്തെ യോഗ്യ സേവനകാലത്തിന് 1 ഇൻക്രിമെന്റ് എന്ന നിരക്കിൽ) 2 ഇൻക്രിമെന്റുകൾ എന്ന കണക്കിൽ ആകെ 370/- രൂപ (170/- + 200/-) സർവ്വീസ് വെയിറ്റേജ് കൂടി ചേർത്ത് ആകെ അടിസ്ഥാന ശമ്പളം 8190/- (7820+370) എന്ന് നിർണ്ണയിച്ചിട്ടുണ്ട്. 2004 ശമ്പളനിർണ്ണയ സ്റ്റേറ്റ്മെന്റിലെ ശ്രീമതി. ഗീത.സി-യുടെ ശമ്പളനിർണ്ണയം ക്രമപ്രകാരമാണ്, Revised Scale of pay രേഖപ്പെടുത്തിയതിൽ മാത്രമാണ് പിശക് കാണുന്നത്.

**6 .** മേൽ സാഹചര്യത്തിൽ, പാലക്കാട്, പുലാപറ്റ സെൻട്രൽ യു.പി സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. സി. ഗീതയുടെ ശമ്പളം 01.07.2004 പ്രാബല്യത്തിൽ G.O.(P) 145/2006/Fin dt.25.03.2006 പ്രകാരം നിർണയിച്ചത് ക്രമപ്രകാരമാണ് എന്നതിനാൽ തന്റെ ശമ്പളം പുനഃക്രമീകരിക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനായി ടിയാൾ സർക്കാർ മുമ്പാകെ ഫയൽ ചെയ്തിരിക്കുന്ന പരാമർശം (1) ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് ടിയാൾ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No. 30294/2021-ലെ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെർപ്പുളശ്ശേരി, പാലക്കാട് - 679 503.
ഹെഡ്മാസ്റ്റർ, സെൻട്രൽ യു.പി. സ്കൂൾ, പുലാപ്പറ്റ, പാലക്കാട് - 678 632.
മാനേജർ, സെൻട്രൽ യു.പി. സ്കൂൾ, പുലാപ്പറ്റ, പാലക്കാട് - 678 632.
ശ്രീമതി. സി. ഗീത, സെൻട്രൽ യു.പി. സ്കൂൾ, പുലാപ്പറ്റ, പാലക്കാട് - 678 632.
പ്രിൻസിപ്പൽ അക്കൗണ്ടന്റ്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധന വകുപ്പ് (E- 3091439 /EDN-A1/46/2025-FIN dt. 27/03/2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/330/2024-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 24-04-2026 14:24:58
സെക്ഷൻ ഓഫീസർ